(ഡി) 321 ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാർക്ക് പ്രതിമാസ വേതനം കുറഞ്ഞത് പതിനായിരം രൂപയാക്കണമെന്നാണ് മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മൂവായിരം രൂപയിൽനിന്നും 1-9-2014 മുതൽ അയ്യായിരം രൂപയാക്കി ഓണറേറിയം ഉയർത്തി ഗവൺമെന്റ് ഉത്തരവ് പുറപ്പെടവിച്ചിട്ടുണ്ട്.

അനധികൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ

70 (1125) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷത്തെ സാമ്പത്തിക സർവ്വേ റിപ്പോർട്ട് പ്രകാരം എത്ര അനധികൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇതിൽ സി.ബി.എസ്.ഇ. സിലബസ്സുള്ള എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) സ്റ്റേറ്റ് സിലബസ്സുള്ള എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ഡി) സ്വന്തമായി കെട്ടിടം ഇല്ലാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സ്കൂളുകളാണുള്ളത് ;

(ഇ) അടിസ്ഥാന സൗകര്യങ്ങൾ പൊതുവേ കുറവായ ഈ അനധികൃത സ്കൂളുകളെ നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സർക്കാർ അംഗീകാരമില്ലാതെയും വകുപ്പുതല അംഗീകാരമില്ലാതെയും നടത്തിവരുന്ന സ്ഥാപനങ്ങളാകയാൽ അത്തരം സ്ഥാപനങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമല്ല.

(സി) ജി.ഒ. (എംഎസ്.) 184/13/പൊ.വി. തീയതി 10-6-2013 ഉത്തരവ് പ്രകാരം സ്റ്റേറ്റ് സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. എഴുന്നൂറോളം അപേക്ഷകൾ ഈ മേഖലയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 31-12-2014 വരെ ഇത്തരം വിദ്യാലയങ്ങളുടെ അപേക്ഷകൾ സ്വീകരിക്കാമെന്നതിനാൽ അതിനുശേഷമേ വ്യക്തമായ കണക്ക് ലഭ്യമാവുകയുള്ളൂ.

(ഡി) കണക്ക് ലഭ്യമല്ല.

(ഇ) സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളില്ലാതെ അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ അർഹതയുള്ള വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകിയ ശേഷം സ്വീകരിക്കുന്നതും അനധികൃത സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly